## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 3804** | **12.12.2018-ലെ മറുപടിയ്ക്ക്**

## പഞ്ചവത്സര പദ്ധതികൾ

**ചോദ്യം** | **മറുപടി**

ശ്രീ.എം.ഉമ്മർ

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേന്ദ്രസർക്കാർ പഞ്ചവത്സര പദ്ധതികൾ നിർത്തലാക്കിയ സാഹചര്യത്തിൽ ഇവ സംസ്ഥാനത്ത് തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ ആസൂത്രണ കമ്മീഷൻ പിരിച്ച് വിടുകയും പഞ്ചവത്സരപദ്ധതികൾ അവസാനിപ്പിക്കുകയും ചെയ്തുവെങ്കിലും, കേരള സർക്കാർ ആസൂത്രണ പ്രക്രിയയുമായി മുന്നോട്ട് പോവുകയാണ് ചെയ്യുന്നത്. ഇതിന്റെ ഭാഗമായി പതിമൂന്നാം പദ്ധതിക്ക് തുടക്കം കുറിക്കുകയും (2017-22) വാർഷിക പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. 2017-18 വാർഷിക പദ്ധതിയുടെ മൊത്തം അടങ്കൽ 26500 കോടി രൂപയാണ്. 2018-19 വാർഷിക പദ്ധതിയുടെ അടങ്കൽ 29150 കോടി രൂപയാണ്. 2019-20 വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന്റെ മുന്നോടിയായി വകുപ്പ് മേധാവികൾ, ഗവൺമെന്റ് സെക്രട്ടറിമാർ, വകുപ്പ് മന്ത്രിമാർ എന്നിവരുമായി ആസൂത്രണ ബോർഡ് ചർച്ച നടത്തി വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ അതിന് നിയമപരമായ എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കാൻ സംസ്ഥാനം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | നിയമപരമായ തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (സി) | നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ചീഫ് സെക്രട്ടറിയുടെയും ബഹു.മുഖ്യമന്ത്രിയുടെയും അദ്ധ്യക്ഷതയിൽ കൃത്യമായ ഇടവേളകളിൽ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ പ്ലാൻ സ്പേസ് മുഖാന്തിരം ആസൂത്രണ ബോർഡ് പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ